# പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 7902     16.07.2014 ൽ മറുപടിക്ക്

## പാലക്കാട് ഡിവിഷനെ സംരക്ഷിക്കാൻ നടപടി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി. കെ.എസ്. സലീഖ: | | ശ്രീ. ആര്യാടൻ മുഹമ്മദ് (ഊർജ്ജ വകുപ്പുമന്ത്രി) | |
| (എ) | പാലക്കാട് റെയിൽവേ ഡിവിഷന്റെ നിലനിൽപ്പ് പ്രതിസന്ധിയിലാക്കുന്ന വിധത്തിൽ പ്രസ്തുത ഡിവിഷൻ വിഭജിക്കാൻ ശ്രമം നടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | ഇതിനായി കൊങ്കൺ റെയിൽവേ മംഗലാപുരത്ത് പുതിയ പബ്ലിക് റിലേഷൻസ് മാനേജരെ നിയമിച്ചത് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; | (ബി) | കൊങ്കൺ റെയിൽ കോർപ്പറേഷൻ ലിമിറ്റഡ് കമ്പനിയുടെ മംഗലാപുരത്തുള്ള റീജിയണൽ ഓഫീസിൽ മുഴുവൻ സമയ പബ്ലിക് റിലേഷൻസ് ഓഫീസറെ നിയമിച്ചതായി പത്ര മാദ്ധ്യമങ്ങളിൽ നിന്നും അറിഞ്ഞിട്ടുണ്ട്. |
| (സി) | മംഗലാപുരത്തെ, കൊങ്കൺ റെയിൽവേയിൽ ലയിപ്പിച്ച് പാലക്കാട് ഡിവിഷനെ തകർക്കാനുള്ള ശ്രമം തടയുവാൻ എന്തു നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ; | (സി) യും (ഡി) യും (ഇ) യും | പാലക്കാട് റെയിൽവേ ഡിവിഷന്റെ അധികാര പരിധിയിലുള്ള സ്ഥലം ചേർത്ത് മംഗലാപുരം റെയിൽവേ ഡിവിഷൻ രൂപീകരിക്കുന്നതിനുള്ള എല്ലാ നീക്കങ്ങളിൽ നിന്നും പിൻവാങ്ങണമെന്നും പകരം 2007 മുതൽ സംസ്ഥാന സർക്കാർ ആവശ്യപ്പെടുന്ന പ്രകാരം കേരളത്തിന്റെ റെയിൽവേ വികസനം പൂർണ്ണമാകുന്നതിന് ഉതകും വിധം കേരളത്തിലെ രണ്ട് റെയിൽവേ ഡിവിഷനുകളായ തിരുവനന്തപുരം, പാലക്കാട് റെയിൽവേ ഡിവിഷനുകളും കൊങ്കൺ റെയിൽവേയുടെ ചില ഭാഗങ്ങളും ചേർത്ത് പെനിൻസുലാർ റെയിൽവേ സോൺ രൂപീകരിക്കണമെന്ന് സംസ്ഥാനത്തിന്റെ പ്രധാന റെയിൽവേ ആവശ്യങ്ങൾ നടപ്പിലാക്കാനാവശ്യമായ നടപടികളും വകയിരുത്തലുകളും |
| (ഡി) | തോക്കൂർ - പനമ്പൂർ മുതൽ കേരളാതിർത്തി ഉള്ളാൾ വരെയുള്ള ഭാഗം പാലക്കാട് ഡിവിഷനിൽ നിന്ന് മാറ്റുവാനും കൊങ്കണിൽ ചേർക്കാനുമുള്ള ശ്രമം തടയുവാൻ എന്തു നടപടികൾ സ്വീകരിച്ചുവെന്നു വ്യക്തമാക്കുമോ; | | |
| (ഇ) | പാലക്കാട് ഡിവിഷനെ സംരക്ഷിക്കാൻ എന്തെല്ലാം തുടർനടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കുമോ? | | |

| | | | |
|---|---|---|---|
| | | | ആവശ്യപ്പെട്ടുകൊണ്ട് കേന്ദ്ര സർക്കാരിന് സംസ്ഥാന സർക്കാർ നവംബർ 2013 ൽ സമർപ്പിച്ച മെമ്മോറാണ്ടത്തിലും, 30.05.2014 ലും 23.06.2014 ലും ബഹു. ഇന്ത്യൻ പ്രധാനമന്ത്രിക്കും ബഹു. കേന്ദ്ര റയിൽവേ മന്ത്രിക്കും നൽകിയ വിശദമായ മെമ്മോറാണ്ടത്തിലും ഇക്കാര്യം ഉൾപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ